കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കക്കോടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: ddlfakkd@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം: കെ എസ് എ.കെ.കെ.ഡി/പി 9/1834 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്

തീയതി : 24.10.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

കക്കോടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കക്കോടി ഗ്രാമപഞ്ചായത്ത് 2016-17സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം: കെ.എസ്.എ.കെ.കെ.ഡി/പി 9/1834 /2017 തിയ്യതി:24.10.2017

## കോഴിക്കോട് ജില്ലയിലെ കക്കോടിഗ്രാമപഞ്ചായത്തിന്റെ -2016-17

## സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകളിൻമേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് മുതൽ 1-12-16 മുതൽ 10.09.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മറുപടി ലഭിച്ചിട്ടില്ല. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ .വിനോദ്ശ്രീധർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11-9-17മുതൽ 18-9-17വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ .ബാലസുബ്രമണ്യം.എ.കെ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ .ശ്യാംജിത്ത്.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ദിശ .ആർ .കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | കുമാരി അഖില.വി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | എം.രാജേന്ദ്രൻ | 1.4.16 മുതൽ 31-3-17വരെ |
| സെക്രട്ടറി | സി.മുരളീധരൻ | 1-4-16 മുതൽ 31-3-17 വരെ |

നിർവ്വഹണോദ്യാഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസന്റ് എഞ്ചിനീയർ | ജീന.കെ | 1-4-16മുതൽ 31-3-17 വരെ |
| 2 | അസിസ്റ്റന്റ്സെക്രട്ടറി | സുനിൽകുമാർ.പി.ജി | 1-4-16 മുതൽ 31-3-17വരെ |
| 3 | വെറ്റിനറി സർജൻ | ഡോ.ലക്ഷി.എസ്.അരവിന്ദ് | 1-4-16 മുതൽ21 -1-17വരെ |
| | | ഡോ.നസീമ | 9-12-16മുതൽ 31-3-17വരെ |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഷംസീർ | 1-4-16 മുതൽ 19-1-17വരെ |
| 5 | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | ഡോ.ജയാന.എ.എം | 19-1-17മുതൽ 31-3-17വരെ |
| 6 | മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. ചിത്രാമുകുന്ദൻ | 1-4-16 മുതൽ 31-3-17വരെ |
| 7 | വി ഇ ഒ | ശ്രീ.കൃഷദാസൻ.കെ<br>ശ്രീമതി.നെന.വി.പി<br>ശ്രീ,രജീഷ്.പി | 1-4-16മുതൽ 31-5-16വരെ<br>1-6-16മുതൽ22-12-16വരെ<br>23-12-16മുതൽ 31-3-17വരെ |
| 8 | ഐസിഡി എസ് സൂപ്പർവെസർ | ശ്രീമതി ഗീത | 1-4-16 മുതൽ 31-3-17വരെ |
| 9 | കൃഷിഓഫീസർ | ശ്രീമതി.നിഷ.പി.ടി | 1-4-16 മുതൽ 14-11-16വരെ |
| 10 | കൃഷിഓഫീസർ | ശ്രീമതി.ബിന്ദു ആർ | 21-12-16 മുതൽ 31-3-17 വരെ |
| 11 | ഹെഡ്മിസ്സസ് | ശ്രീമതി.പുഷ്പമാത്യ | 1-4-16 മുതൽ 31-3-17വരെ |
| 12 | ഡയറിഫാംഇൻസ്ടക്ടർ | ശ്രീ.ശ്രീജിത്ത്<br>ശ്രീമതി.ബിന്ദു.എൻ | 1-4-16മുതൽ 3-10-16വരെ<br>4-10-16മുതൽ 31-3-17വരെ |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് /3-3-2016 ലെ നമ്പർ 35/16 ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.17 | 31-7.-17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| സാമ്പത്തിക വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2016-17 | 11-9-17 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| വർഷം | 2016-17 |
| മുന്നിരിപ്പ് | 5888637 |
| വരവ് | 56221212 |
| ആകെ | 62109849 |
| ചെലവ് | 51540134 |
| നീക്കിയിരിപ്പ് | 10569715 |

## 1-5 ഫണ്ട് വിനിയോഗം(എ.സി .ആർ പ്രകാരം)

2016-17

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14860308 | 14860308 | 12447739 | 2412569 | 83.76 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6998925 | 6998925 | 5731193 | 1267732 | 81.88 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7592685 | 7592685 | 1368298 | 6224387 | 18.02 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4450998 | 4450998 | 1916107 | 2534891 | 43.04 |
| 13-ാം ധനകാര്യ | 0 | 8334548 | 8334548 | 2124084 | 6210464 | 25.48 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് | | | | | | |
| പെർഫോമൻസ് ഗ്രാന്റ് | 0 | 6531648 | 6531648 | 1994244 | 4537404 | 30.53 |
| എം.എൻ.ആർ. ജി.എസ് | 422 | 956866 | 956866 | 813018 | 143848 | 84.96 |
| ബി -ഫണ്ട് | | 1084760 | 1084760 | 1084760 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 252 | 76912519 | 96 | 32413533 | 36 | 120 | 38 |

## 1-7 തനത് വരുമാനം. 2016-2017

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 71 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4162560 | 5501508 | 1338948 | 32(+) |
| നികുതിയേതര വരവുകൾ | 760142 | 3935705 | 3175563 | 417(+) |
| മറ്റുവരവുകൾ | 843445 | 444788 | 398657 | 47(-) |
| ആകെ | 5766147 | 9882001 | 4115854 | 71(+) |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി വേതനം | 710760 | 473 |
| വിധവാപെൻഷൻ | 16487600 | 420 |
| വാർദ്ധക്യകാലപെൻഷൻ | 27451400 | 2603 |
| വികലാംഗപെൻഷൻ | 4392700 | 398 |

| | | |
|---|---|---|
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 2944400 | 313 |
| വിവാഹധനസഹായം | 360000 | 20 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-9-17ന കാലത്ത് 10.30 മണിക്ക് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരിപ്പായ 19,025- (പത്തൊൻപതിനായിരത്തി ഇരുപത്തി അഞ്ച്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പറും തീയതിയും |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-7-17 | 5/2017 to 6/17 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9-7-2009മുതൽ23-7-2009വരെ | 2004-05to 2008-09 | LBAHQ3/8A /1448/481തി.21.8.2009 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

2016- 17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) നികുതികളുടെ ഡിമാന്റും, കലക്ഷനും, വാർഷിക ധനകാര്യ പത്രികയും രജിസ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

തൻവർഷത്തെ വസ്തു നികുതി ഡിമാന്റ് വാർഷിക കണക്ക് പ്രകാരം 3783046 രൂപയും സഞ്ചയ പ്രകാരം 3795623 രൂപയുമാണ്. തൻവർഷ കലക്ഷൻ വാർഷിക കണക്ക് പ്രകാരം 2303152 രൂപയും സഞ്ചയ പ്രകാരം 2285288 രൂപയുമാണ്. ബാലൻസ് ഇത് യഥാക്രമം 1559624 രൂപയും 1138271 രൂപയുമാണ്.

വസ്തു നികുതി കുടിശ്ശിക വരവ് വാർഷിക കണക്ക് പ്രകാരം 1173159 രൂപയും സഞ്ചയ പ്രകാരം 1179981 രൂപയുമാണ്.

ബിൽഡിംഗ് പെർമിറ്റ് ഫീ വാർഷിക കണക്ക് പ്രകാരം 332065 രൂപയും രജിസ്റ്റർ പ്രകാരം 333005 രൂപയുമാണ്.

ലേലം, തൊഴിൽ നികുതി (ട്രേഡേഴ്സ്) എന്നിവയുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം ഐ സി ഡി എസ് സൂപ്പർവൈസർക്ക് ചെക്ക് ആയി ലഭിച്ച തുക 439869 രൂപയാണെങ്കിൽ വാർഷിക ധനകാര്യപത്രികയിൽ ഇത് 836109 രൂപയാണ്. വ്യത്യാസം എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല. RTGS ആയി തുക കൈമാറിയിട്ടുണ്ടെങ്കിൽ എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

3) ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. കൂടാതെ പത്രികയിലെ ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

4) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. അതിനാൽ വാർഷിക ധനകാര്യപത്രികയിൽ ശരിയായ രീതിയിൽ ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. തനത് ഫണ്ടിൽ നിന്നുമുള്ള പ്രവൃത്തികളുടെ നികുതികൾ അടവാക്കിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

5) ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി പൂർത്തിയാക്കിയിട്ടില്ല.

6) തൊഴിൽ രഹിത വേതനം 126960 രൂപ തിരിച്ചടച്ചിട്ടുണ്ടെങ്കിലും അതു കൂടി ഉൾപ്പെടുത്തിയ തുകയാണ് വരവും ചെലവുമായി കാണിച്ചത്.

7) തനത് ഫണ്ടിനായി ചേളന്നൂർ സർവീസ് സഹകരണബാങ്കിൽ സൂക്ഷിക്കുന്ന അക്കൗണ്ടിൽ പാസ് ബുക്ക് പ്രകാരം 4316242.77 രൂപയും വാർഷിക കണക്ക് പ്രകാരം 3795889.77 രൂപയുമാണ് നീക്കിയിരിപ്പ്. മേൽവ്യത്യാസം പൊരുത്തപ്പെടുത്തിയതിൽ അപാകതകൾ കാണുന്നു. പഞ്ചായത്തിൽ നിന്നും കെൽട്രോണിനു നൽകിയ ചെക്ക് സമയ പരിധി കഴിഞ്ഞതിനാൽ റീവാലിഡേറ്റ് ചെയ്യുന്നതിനായി തിരിച്ച നൽകിയത് കാൻസൽ ചെയ്യുന്നതിനു പകരം പൊരുത്തപ്പെടുത്തലിൽ ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കലക്ടഡ് എന്നു കാണിച്ചു.

കൂടാതെ പണമാക്കാത്ത ചെക്കുകളായി കാണിച്ചത് 2012 ൽ പൈക്കയ്ക്ക് നല്കാനായി എഴുതി വച്ച് നാളിതു വരെ നൽകാത്ത 9 ചെക്കുകളും 2016 മാർച്ചിൽ നൽകിയ ചെക്കുമാണ്. ചെക്ക് പണമാക്കാനുള്ള കാലപരിധി കഴിഞ്ഞ മേൽപ്പറഞ്ഞ ചെക്കുകൾ സ്റ്റോപ്പ് മെമ്മോ നൽകി കാഷ്ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടില്ല

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 കെട്ടിടവാടക- അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റൂമുകൾ വർഷം തോറും 5% വാടക വർദ്ധനവ് വരുത്തിയാണ് വാടകയ്ക്ക് നൽകുന്നത്. 2015-16 വർഷത്തിൽ റൂം നമ്പർ 6 ശ്രീ. നാരായണൻ, ചാനാരി അവർകൾക്ക് പ്രതിമാസം 1573 രൂപയ്ക്ക് വാടകയ്ക്ക് നൽകിയിരുന്നു. 2016-17 വർഷത്തിലും വാടക വർദ്ധനവ് വരുത്താതെ ഇതേ വാടകയ്ക്കാണ് നൽകിരിക്കുന്നത്. വാടക വർദ്ധനവ് വരുത്താതെ റൂം അനുവദിക്കാനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 7/16-17 തി. 16.9.17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-3 തൊഴിൽനികുതി അപാകതകൾ

1) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-17 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കക്കോടി കള്ള്ഷാപ്പ് | I |
| 2 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് | I |
| 3 | പെട്രോൾ പമ്പ് | I & II |
| 4 | സ്പൈഡർനെറ്റ് മീഡിയ നെറ്റ്വർക്സ് | I & II |

2) തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടും താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽനികുതി , സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | കയർ വ്യവസായ സഹകരണ സംഘം | I & II |
| 2 | കയർ വ്യവസായ സഹകരണ സംഘം, മക്കട | I & II |
| 3 | അരവി സ്റ്റെയിൽസ് | I & II |
| 4 | കൈരളി കയർ ഇൻഡസ്ട്രീസ് | I & II |
| 5 | സ്റ്റാർ വീവേഴ്സ് സൊസൈറ്റി | I & II |
| 6 | കൊശമറ്റം ഫിനാൻസ് ലിമിറ്റഡ് | II |
| 7 | കള്ള് ഷാപ്പ്, കക്കോടി | II |

തൊഴിൽനികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 3/16-17തി. 16.9.17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 രശീതി അപാകതകൾ

1. ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കുന്നില്ല.

ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നതിനായി കൃഷിഓഫീസർ, വി.ഇ.ഓ എന്നിവർ ഉപയോഗിച്ച രശീതികളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

2. ഒറിജിനൽ രശീതികൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഒറിജിനൽ രശീതികൾ നിർവഹണോദ്യോഗസ്ഥൻ സൂക്ഷിക്കുകയും പകർപ്പ് ഗുണഭോക്താവിന് നൽകുകയുമാണ് വേണ്ടത്. എന്നാൽ കൃഷിഓഫീസർ ഉപയോഗിച്ച രശീതി ബുക്ക് 436 ൽ രശീതി 22, 24, 64,78, 80, 81, 82, 87, 88, 90, 92, 96, 97, 98, 99, 100 എന്നിവ ഹാജരാക്കിയിട്ടില്ല. കൂടാതെ 18025 എന്ന രശീതി ബുക്കിൽ 1 മുതൽ 19 വരെ രശീതികളുടെ ഒറിജിനലുകളും ഹാജരാക്കിയിട്ടില്ല.

3. ഒരേ രശീതിയിൽ 2 ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നു.

18020 എന്ന രശീതി ബുക്ക് വി.ഇ.ഓ നിർവഹണം ചെയ്യു പദ്ധതിയിലേയ്ക്കായി ഉപയോഗിച്ചതാണ്. പ്രസ്തുത രശീതി ബുക്കിൽ ഒരു രശീതിയിൽ 2 ഗുണഭോക്താക്കളുടെ വിഹിതം പിരിച്ചെടുക്കുന്നു. രശീതി 65 മുതൽ 100 വരെ 2 ഗുണഭോക്താവിൽ നിന്ന് ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുകയും ഒരേ രശീതിയിൽ 2 പേരുടെയും കളക്ഷൻ രേഖപ്പെടുത്തുകയും രശീതിയുടെ പകർപ്പെടുത്ത് ഗുണഭോക്താക്കൾക്ക് നൽകുകയാണ് ചെയ്യുത്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി ഓഡിറ്റ് എൻക്വയറി 1/16-17തി. 16.9.17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതും രശീതികൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 2-5 മൊബൈൽ ടവർ- വസ്തുനികുതി, കുടിശ്ശിക എന്നിവ ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി, വസ്തുനികുതി കുടിശ്ശിക എന്നിവ ഈടാക്കുന്നില്ല. ഈടാക്കാനുള്ള കുടിശ്ശികയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമ | തറ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി (ലൈബ്രറിസെസ്സ് ഉൾപ്പെടെ) | ഈടാക്കാനുള്ള തുക | കുടിശ്ശികയുടെ വിവരം |
|---|---|---|---|---|---|---|
| 1 | 5/202 | ആർ.ബാലാജി, ഹാച്ചിസൺ | 18 ച.മീ | 11340 | 51714 | 2013 ആദ്യ അർദ്ധവർഷം മുതൽ |
| 2 | 16/584A | ദിലീപ്.എം.പി, ടാറ്റാ ടെലിസർവീസ് ലിമിറ്റഡ് | 14.43ച.മീ | 9091 | 45455 | 2013 ആദ്യ അർദ്ധവർഷം മുതൽ |
| 3 | 16/689 | കെ.ആർ.രാഹുൽദാസ്, എസ്സാർ ടെലകോം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 15.79ച.മീ | 7462 | 21386 | 2015 ആദ്യ അർദ്ധവർഷം മുതൽ |
| 4 | 16/946 | എസ്സ്.എസ്സ് ദത്ത, ടാറ്റ ടെലി സർവ്വീസ് | 11ച.മീ | 6930 | 34650 | 2013 ആദ്യ അർദ്ധവർഷം മുതൽ |
| 5 | 17/621 | ബിജു.ടി.നായർ, ഇൻഡസ് ടവേഴ്സ് | 15ച.മീ | 10238 | 25728 | 2015 ആദ്യ അർദ്ധവർഷം മുതൽ |
| 6 | 17/671A | കെ.ആർ.രാഹുൽദാസ്, എസ്സാർ ടെലകോം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 15.79ച.മീ | 7462 | 37310 | 2013 ആദ്യ അർദ്ധവർഷം മുതൽ |

വസ്തുനികുതി ഈടാക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 5/16-17തി. 16.9.17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം കുടിശ്ശിക തുക വസ്തുനികുതി പിരിക്കാൻ ഉത്തരവാദിയല്ല. ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 2-6 തൊഴിൽനികുതി ഈടാക്കിയില്ല

പഞ്ചായത്തിലെ ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലേറെ പേർ ജോലിചെയ്യുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തി കണ്ടു. എന്നാൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഡി ആന്റ് ഒ രജിസ്റ്റർ പ്രകാരമുള്ള അപേക്ഷാ നമ്പർ | അപേക്ഷകന്റെ പേര്, സ്ഥാപനം | വാർഡ്, കെട്ടിടനമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 28 | സി.കുമാരൻ, സി.കെ.എം സോപ്പ് ഇൻഡസ്ട്രീസ് | 4/375, 4/376, 4/378 | 8 |
| 2 | 109 | പ്രകാശൻ.എം.എം, അരോമ ഇന്റർനാഷണൽ | 3/174 A | 4 |
| 3 | 160 | പി.ടി.അഷ്കർ, ഹിന്ദുസ്ഥാൻ സോപ്പ്സ് ആന്റ് അലൈഡ് പ്രൊഡക്ട്സ് | 3/468 B | 11 |
| 4 | 161 | കദീശാബി, ഹിന്ദുസ്ഥാൻ കെമിക്കൽസ് | ലഭ്യമല്ല | 6 |
| 5 | 176 | ടി.റഹീദ, ലിബർട്ടി സോപ്പ്സ് ഇൻഡസ്ട്രീസ് | 3/468 A | 11 |
| 6 | 188 | എം.ശശിന്ദ്രനാഥൻ, പോപ്പുലർ എഞ്ചിനീയറിംഗ് വർക്ക്സ് | 5/525 A | 4 |
| 7 | 250 | പി.പി.അബൂബക്കർ, പനാമ സോപ്പ് വർക്ക്സ്. ( ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്ററിൽ ഉൾപ്പെടുത്തിയെങ്കിലും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.) | 16/1046 | 7 |
| 8 | 251 | വി.പി.ഉസ്മാൻ, കൈരളി സോപ്പ് ഇൻഡസ്ട്രീസ് (ഇൻസ്റ്റിറ്റ്യൂഷൻ | 10/631 | 5 |

| | | | | |
|---|---|---|---|---|
| | | രജിസ്റ്ററിൽ ഉൾപ്പെടുത്തിയെങ്കിലും തൊഴിൽനികുതി ഈടാക്കിയിട്ടില്ല) | | |
| 9 | 253 | അബ്ദുൾ റഹീസ്, MEAA ഫുഡ്സ് | 8/103 | 4 |
| 10 | 296 | രാധ.പി, ശ്രീവത്സം ജനറൽ സ്റ്റോർസ് | 16/797 | 6 |
| 11 | 324 | അനസ്.പി, ഫേമസ് ബേക്കറി | 10/408H | 4 |
| 12 | 358 | ജീജാ ഹോമിയോപ്പതിക് ലാബോറട്ടറീസ് | 8/20 28 | 9 |
| 13 | 371 | എം.മനോജ്കുമാർ, എന്റെ കട സൂപ്പർമാർക്കറ്റ് | 8/303 C | 6 |
| 14 | 374 | ദീപ.കെ, കാവേരി സിമന്റ് പ്രൊഡക്ട്സ് | 3/89A | 5 |
| 15 | 405 | സിജു തോമസ്, സുപ്രിയ ബുക്ക്സ് | 4/212A | 6 |
| 16 | 449 | എൻ.പി.അബ്ദുൾഹക്കീം, വേദ ആയുർവേദിക് പ്രൈവറ്റ് ലിമിറ്റഡ് | 2/521 | 34 |
| 17 | 458 | റിയാസ്.ടി.വി, സ്റ്റോൺ ഏജ് ലാറ്ററൈറ്റ് കട്ടിംഗ് ആന്റ് ഡിസൈനിംഗ് | 18/258 | 5 |
| 18 | 490 | മജീദ്, വിസ്മയ ട്രേഡേഴ്സ് | 16/499 A മുതൽ F വരെ | 6 |
| 19 | 491 | എൻ.മുഹസിൻ, ഹരിത ഫുഡ് പ്രൊഡക്ട്സ് | 19/232 B | 6 |
| 20 | 511 | രമേശൻ.എം.ടി, കാവേരി ഓഫ്സെറ്റ് പ്രസ്സ് | 10/390 K, 10/390 M | 4 |
| 21 | 529 | ഇന്ദിര.കെ.വി, പ്രിന്റിംഗ് കോംപ്ലക്സ് | 5/286 | 30 |

| | | | | |
|---|---|---|---|---|
| 22 | 590 | സംഗീത.വി, ഗ്ലോബൽ ഹോം പ്രൊഡക്ട്സ് | 18/282 | 5 |
| 23 | 638 | സതീഷ്കുമാർ.കെ.ടി, ഫോർച്ച്യൂൺ ഇന്റർലോക്ക് ആന്റ് ടൈൽസ് | 14/536 A | 8 |
| 24 | 642 | സംസി.പി, ലിനൂസ് വെഡ്ഡിംഗ് സെന്റർ | 16/KP 243 | 6 |
| 25 | 649 | അസ്മ.കെ, നാച്ചുറൽ ഫുഡ് | 16/779 | 8 |
| 26 | 688 | അമിത.പി, മാളൂസ് മാസ്കി മേക്കിംഗ് | 4/269 C | 4 |
| 27 | 696 | ഷീബ വിശ്വനാഥൻ, നീലാംബരി എക്സ്പോർട്ടേർസ് | 20/258 A മുതൽ E വരെ | 10 |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 6/16-17തി. 16.9.17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 ഒരേ കെട്ടിടത്തിൽ വിവിധ കെട്ടിടനമ്പറുകൾ അനുവദിക്കുന്നതുമൂലം വസ്തുനികുതിയിൽ നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിടനമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിൽ 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീ 50 രൂപ നിരക്കിലും 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീ ന 60 രൂപ നിരക്കിലും 200 ച.മീ വരെ 50 രൂപ നിരക്കിലും 200 ച.മീ മുകളിൽ 80 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്

ഉദാഹരണം താഴെ കൊടുക്കുന്നു.

കെട്ടിട ഉടമ : മുഹമ്മദ്കോയ, വാണിയേരി വീട്

കെട്ടിടത്തിന്റെ തറവിസ്തീർണ്ണം : 377.68 ച.മീ

കെട്ടിടത്തിന് അനുവദിക്കപ്പെട്ട നമ്പറുകൾ : 12ാം വാർഡിലെ 441/A, 441/B, 441/C, 441/D, 441/E, 441/F.

കെട്ടിടത്തിന്റെ ഉപയോഗക്രമം : വാണിജ്യം

വഴി സൗകര്യത്തിന് 20% വർദ്ധനവുണ്ട്. ഇളവുകളില്ല.

| കെട്ടിടത്തിന്റെ നമ്പർ | തറവിസ്തീർണ്ണം | ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ച വസ്തുനികുതി (50 രൂപ നിരക്കിൽ) ഇളവുകൾക്കും വർദ്ധനവുകൾക്കും ശേഷം | ഈടാക്കേണ്ടിയിരുന്നത് (80 രൂപ നിരക്കിൽ) ഇളവുകൾക്കും വർദ്ധനവുകൾക്കും ശേഷം | കുറവ് വന്ന തുക |
|---|---|---|---|---|
| 12/441 A | 12 ച.മീ | 720 | 1152 | 432 |
| 12/441 B | 103ച.മീ | 6180 | 9888 | 3708 |
| 12/441 C | 47 ച.മീ | 2820 | 4512 | 1692 |
| 12/441 D | 12 ച.മീ | 720 | 1152 | 432 |
| 12/441 E | 59ച.മീ | 3540 | 5664 | 2124 |
| 12/441 F | 95 ച.മീ | 5700 | 9120 | 3420 |
| ആകെ | | 19680 | 31488 | 11808 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് – 80 രൂപ

തറവിസ്തീർണ്ണം - 337.68ച.മീ

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 31488 രൂപ

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം - 11808

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ 11808 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 4/16-17തി. 16.9.17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടതുക ഈടാക്കേണ്ടതും ഒരു കെട്ടിടത്തിൽ വിവിധ നമ്പറുകൾ അനുവദിക്കുമ്പോൾ മേൽ പറഞ്ഞ രീതിയിൽ നികുതി നിർണ്ണയിക്കേണ്ടതാണ്. നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്.

## 2-8 പഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകയ്ക്ക് നല്കിയത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 16/805, 16/802 എന്നീ റൂമുകളിൽ സബ് രജിസ്ട്രാർ ഓഫീസ്, വില്ലേജ് ഓഫീസ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. തീരുമാനം 85/16 തി. 28.6.16പ്രകാരം പ്രസ്തുത റൂമുകളുടെ നികുതി നിർണ്ണയിച്ച് വാടകക്കാരിൽ നിന്നും ഈടാക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത ഓഫീസുകളിൽ നിന്നും വാടക ഈടാക്കുന്നതായി കാണുന്നില്ല. വാടക ഈടാക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 2/16-17തി. 16.9.17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തുടർ വിദ്യാഭ്യാസ പരിപാടി - പ്രോജക്ട് നടപ്പാക്കിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 114 / 17 |
| പ്രോജക്ട് | തുടർവിദ്യാഭ്യാസ പരിപാടി |

| | |
|---|---|
| വകയിരുത്തിയ തുക | 1 ലക്ഷം രൂ |
| ചെലവഴിച്ച തുക | 76984 രൂ |
| ഫണ്ട് | തനത്ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥക്ക് നല്കിയ ചെക്ക് നമ്പർ , തുക | 02018559 / 30.03.2017 , 76984 രൂ |
| ഭരണാനുമതി | 86/16 തിയ്യതി 08.07.2016 |
| അംഗീകാരം നല്കിയത് | ശ്രീമതി.റെജിന കെ , എ.ഇ.ഒ , 1/30.08.2016 ഉത്തരവ് മുഖേന |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി പുഷ്പ മാത്യു , HM , GUPS , പടിഞ്ഞാറ്റുംമുറി |

പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. മേൽ പരാമർശിച്ച തുകയിൽ നിന്നും 4900 രൂ ഉപയോഗിച്ച് ലംബൂസ് , മാവൂർറോഡ് എന്ന ഏജൻസിയിൽ നിന്നും ഇൻവോയ്സ് നമ്പർ 795 / 25.03.2017 മുഖേന ഒരു ഡിജിറ്റൽ ക്യാമറ വാങ്ങിയിട്ടുണ്ട് . എന്നാൽ ഇത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ക്യാമറ ആരാണ് കൈപ്പറ്റിയത് എന്നും വ്യക്തമല്ല.

2. കൂടാതെ തുല്യത ഇൻസ്ട്രക്ടർമാർ 25 പേർക്ക് 1838 രൂപ വീതം ആകെ 45950 രൂ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇവരുടെ പ്രവർത്തനം സംബന്ധിച്ച് ജില്ല സാക്ഷരത മിഷനിൽ നിന്നും സാക്ഷ്യപത്രികയൊന്നും ലഭിച്ചിട്ടില്ല. ഇവരുടെ പ്രവർത്തന റിപ്പോർട്ടുകളും പരിശോധനക്ക് ലഭിച്ചിട്ടില്ല.

അപാകത വിശദീകരിക്കേണ്ടതാണ്. 50850 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-2 സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ - ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല

2016 -17 വർഷത്തിൽ കക്കോടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.സി.മുരളീധരൻ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിന്റെ കാര്യത്തിൽ മുഴുവൻചെലവ് രേഖകളും വൗച്ചറുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ എസ്.ഒ 71 / 17 നമ്പർ പ്രോജക്ടിന് ( കേരളോത്സവം ) 41469 രൂ തനത് ഫണ്ടിൽ നിന്നും ചെലവുണ്ടെങ്കിലും 31710 രൂപയുടെ ചെലവ് വൗച്ചറുകൾ മാത്രമേ പരിശോധനക്ക് ലഭിച്ചിട്ടുള്ളൂ. (വൗച്ചർ നമ്പർ 21600937 / തിയ്യതി 01.03.2017 , 31710 രൂ , ചെക്ക് നമ്പർ 18523 / തിയ്യതി 01.03.2017 ) 9759 രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല. ചെലവ് രേഖകൾ / വൗച്ചറുകളുടെ അഭാവത്തിൽ9759 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-3 ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി - പ്രോജക്ട് നടപ്പാക്കിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 009 /17 |
| പ്രോജക്ടിന്റെ പേര് | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ. |
| വകയിരുത്തിയ തുക | 1350000 രൂ |
| ചെലവഴിച്ച തുക | 1274018 രൂ |

| | |
|---|---|
| ഫണ്ട് | ലോക ബാങ്ക് ധനസഹായം |
| ഭരണാനുമതി | 51/16 തിയ്യതി 28.04.2016 |
| ട്രഷറി ബിൽ നമ്പറുകൾ , തുക | 753/17 തിയ്യതി 13.02.2017 , 12400 രൂ<br>754 / 17 തിയ്യതി 21.02.2017 , 1261618 രൂ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.സി.മുരളീധരൻ , സെക്രട്ടറി. |
| പൂർത്തിയാക്കിയ ആകെ പ്രവൃത്തി മൂല്യം | 1261618 രൂ |
| എം.ബുക്ക് നമ്പർ | 128 / 16-17 |
| കരാറുകാരൻ | ശ്രീ.ടി..മോഹനൻ , Indo tech , നന്ദനം , മങ്ങാട്ടുവയൽ , കോട്ടൂളി പി.ഒ , കോഴിക്കോട്. |
| കരാർ എടുത്ത തുക | 1289337 രൂ |

കക്കോടി ബസാർ , ചെറുകുളം റോഡ് എന്നിവിടങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുവാനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. PWD ഇലക്ട്രിക്കൽ ഡിവിഷൻ എക്സി. എഞ്ചിനീയർ തയ്യാറാക്കിയ 13 ലക്ഷം രൂപയുടെ 24.06.2015 തിയ്യതിയിലെ EL – 2 – 731 / 2015 നമ്പർ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തി നടത്തിയത്.

പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാർക്ക് PWD രജിസ്ട്രേഷൻ , കേരള ഇലക്ട്രിസിറ്റി ലൈസൻസിങ് ബോർഡ് നല്കുന്ന ഇലക്ട്രിക്കൽ കോംമ്പീറ്റൻസി ലൈസൻസ് എന്നിവ വേണ്ടതാണെന്ന് PWD ഇലക്ട്രിക്കൽ വിഭാഗം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ കരാറുകാരന് ഇത്തരം ലൈസൻസുകൾ ഉണ്ടോ എന്നത് വ്യക്തമല്ല. ഇവയുടെ പകർപ്പുകൾ ഫയലിൽ ലഭ്യമല്ല.

2. 20.01.2016 തിയ്യതിയിലെ New Indian Express പത്രത്തിൽ AE/LSGD/KKD/TN/15-16 Dated 13.01.2016 പ്രകാരം നല്കിയ പരസ്യം പ്രകാരമുള്ള തിയ്യതികൾ താഴെപ്പറയുന്നു.

| | |
|---|---|
| ടെണ്ടർ ഫോം വില്പന | 23.01.2016 പകൽ 12 മണി വരെ |
| ടെണ്ടർ സ്വീകരിക്കുന്നത് | 23.01.2016 2pm വരെ |
| ടെണ്ടർ തുറക്കൽ | 23.01.2016 3pm മുതൽ |
| ഇ – ടെണ്ടർ വെബ്സൈറ്റിൽ ലഭ്യമാകുന്ന തിയ്യതി | 23.01.2016 11 am മുതൽ |
| ഇ – ടെണ്ടർ ചെയ്യാവുന്ന അവസാന തിയ്യതി | 03.02.2016 2 pm |
| ഇ – ടെണ്ടർ തുറക്കുന്ന തിയ്യതി | 04.02.2016 2 pm |

എസ്റ്റിമേറ്റ് തുക 5 ലക്ഷം രൂപക്ക് മേലുള്ള എല്ലാ പ്രവൃത്തികൾക്കും ഇ – ടെണ്ടറാണ് ബാധകമെന്ന് 17.11.2015 ലെ ജി.ഒ.(പി)524/2015/ധനം , ജി.ഒ(ആർ.ടി)1288/2015 എൽ.എസ്.ജി.ഡി 30.04.2015 എന്നീ ഉത്തരവുകൾ മുഖേന നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ഇവിടെ 2 തരം ടെണ്ടർ രീതികളും

ബാധകമാക്കിയതായി കാണുന്നു. കൂടാതെ സാധാരണ ടെണ്ടറുകൾ തുറന്ന ശേഷവും ഇ – ടെണ്ടറുകൾ സമർപ്പിക്കാവുന്നതായാണ് കാണുന്നത്. ആയതിന്റെ സാംഗത്യം വ്യക്തമല്ല.

3. കരാറുകാരനിൽ നിന്നും ഈടാക്കേണ്ട കിഴിവുകൾ താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| വാറ്റ് @ 4% | 50465 രൂ |
| KCWWF വിഹിതം | 12617 രൂ |
| I.T | 12617 രൂ |

ഈ കിഴിവ് തുകകൾ അടക്കമുള്ള തുകയാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചത്. എന്നാൽ ഇവ അതാത് അക്കൗണ്ടുകളിൽ അടച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല. ചെലാൻ രശീതുകൾ പരിശോധനക്ക് ലഭ്യമല്ല.

4. കിഴിവുകൾക്കു ശേഷം കരാറുകാരന് നല്കേണ്ട 1185919 രൂ കരാറുകരൻ കൈപ്പറ്റിയതിന് രശീത് ലഭിച്ചിട്ടില്ല.

5. കരാറുകാരനുമായി ഒപ്പിട്ട 23.05.2016 തിയ്യതിയിലെ 6/16 നമ്പർ എഗ്രിമെന്റ് പ്രകാരം കരാർ ഉടമ്പടിയുടെ ഭാഗമായുള്ള പ്രവർത്തന കലണ്ടർ പ്രകാരമാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടത്. എന്നാൽ ഈ കലണ്ടർ പരിശോധനക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ കരാർ പ്രവൃത്തി കൃത്യ സമയത്ത് പൂർത്തിയാക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല. എം.ബുക്ക് പ്രകാരം completion date 20.07.2016 , measurement date 19.01.2017 എന്നിങ്ങനെ രേഖപ്പെടുത്തിയതായി കാണുന്നു. നടപടി ശരിയല്ല. 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖണ്ഡിക 2113 പ്രകാരം AE അവസാനമായി അളവുകൾ measurement book ൽ രേഖപ്പെടുത്തുന്ന തിയ്യതിയാണ് പൂർത്തീകരണ തിയ്യതി.

6. ഇലക്ട്രിക്ക് കണക്ഷനുള്ള കോഷൻ ഡെപ്പോസിറ്റ് , OYEC എന്നിവക്ക് വേണ്ടി വൗച്ചർ നമ്പർ 21600996/07.03.2017 പ്രകാരം 12400 രൂ കെ.എസ്.ഇ.ബി ക്ക് കൈമാറിയിട്ടുണ്ട്. ഇതിന് കൈപ്പറ്റ് രശീത് , വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടില്ല.

7. PWD റോഡ്സ് ഡിവിഷൻ കോഴിക്കോട് - എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 18.06.2015 ലെ എ5 / 2072 / 12 Permissionനമ്പർ ഉത്തരവ് പ്രകാരമാണ് പ്രോജക്ടിന് അംഗീകാരം ലഭിച്ചത്. ഇതേ തുടർന്ന് 27.07.2016 തിയ്യതിയോടെ PWD അസി. എക്സി. എഞ്ചിനിയറുമായി പഞ്ചായത്ത് സെക്രട്ടറി കരാർ ഒപ്പിട്ടിട്ടുണ്ട്. അസി. എക്സി. എഞ്ചിനിയർ PWDറോഡ്സ് സബ്ഡിവിഷൻ D2 – Permission / 815 / 2016 / 27.07.2016 കത്ത് പ്രകാരം മേൽ പരാമർശിച്ച എഗ്രിമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഇവ പരിശോധിച്ചതിൽ PWD റോഡിന്റെ വശത്തായാണ് ഹൈ മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നത് എന്ന് വ്യക്തമാകുന്നു. എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരം " installed high mast light should be removed by the applicant at his own risk and cost as and when required by the PWD dept without any compensation “ എന്നു വ്യക്തമാക്കിയിട്ടുണ്ട്.

അതായത് 12 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് വിളക്കുകൾ സ്ഥാപിച്ചുവെങ്കിലും ഇവ എത്ര കാലത്തോളം ഉപകാരപ്രദമാകും എന്നതിന് യാതൊരു ഉറപ്പുമില്ല.

അപാകതകൾ വിശദീകരിക്കേണ്ടതാണ്. 1274018 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-4 വീട് വയറിങ്ങിന് ധനസഹായം - പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.066 / 17 |
| പ്രോജക്ട് | വീട് വയറിങ്ങിന് ധനസഹായം |
| വകയിരുത്തിയ തുക | 29000 രൂ. |

| | |
|---|---|
| ചെലവഴിച്ച തുക | 12000 രൂ. |
| ഫണ്ട് | വികസന വിഭാഗം - പൊതുവിഭാഗം |
| ട്രഷറി ബിൽ നമ്പറുകൾ / തുക | 854/2017 തിയ്യതി 29.03.2017 4000 രൂ<br>752/2017 തിയ്യതി 13.02.2017 4000 രൂ<br>681/2017 തിയ്യതി 20.01.2017 4000 രൂ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.സി.മുരളീധരൻ , ഗ്രാമപഞ്ചായത്ത് സെക്രട്ടറി. |

മേൽ പ്രോജക്ടിൽ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെപ്പറയുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക (രൂ) | കൈപ്പറ്റ് വിശദാംശം |
|---|---|---|---|
| 1. | ശ്രീമതി.ലീല പെരിഞ്ചിലമലയിൽ | 4000 | ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് കൈമാറി. |
| 2. | ശ്രീ.ബൈജു കിഴക്കയിൽ , കക്കോടി | 4000 | ചെക്ക് നമ്പർ 829978 തിയ്യതി 10.02.2017 |
| 3. | ശ്രീമതി.ശാലിനി , മക്കട | 4000 | ചെക്ക് നമ്പർ 1633657 തിയ്യതി 22.03.2017 |

മേല്പറഞ്ഞ ഗുണഭോക്താക്കൾ ആരും തന്നെ കെ.എസ്.ഇ.ബി യിൽ കോഷൻ ഡെപ്പോസിറ്റ് അടച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ പദ്ധതിയുടെ നടത്തിപ്പ് വി.ഇ.ഓ / എൽ.എസ്.ജി.ഡി ഓവർസിയർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇവ 11.01.2016 തിയ്യതിയിലെ സ.ഉ.(എം.എസ്) 4/2016തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെഅനുബന്ധം 15 ഖണ്ഡിക 3.6 ക്രമനമ്പർ 6 ലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. അപാകതക്ക് വിശദീകരണം നല്കേണ്ടതാണ്. 12000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-5 മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പ്രോജക്ട് നടപ്പാക്കിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ. 126 /17 |
| പ്രോജക്ട് | മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| വകയിരുത്തിയ തുക | 2 ലക്ഷം രൂ |

| | |
|---|---|
| ചെലവഴിച്ച തുക | 125000 രൂ |
| ഫണ്ട് | എസ്.സി.പി |
| ട്രഷറി ബിൽ നമ്പർ , തുക | 3/2016-17 08.03.2017 , 125000 രൂ |
| ഭരണാനുമതി | 86/2016 08.07.2016 |
| അംഗീകാരം നല്കിയത് | ശ്രീമതി റെജിന കെ, എ.ഇ.ഒ 4/30.08.2016<br>ഉത്തരവ് പ്രകാരം. |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി പുഷ്പ മാത്യു , HM , GUPS , പടിഞ്ഞാറ്റുംമുറി. |

പ്രോജക്ട് പ്രകാരം 25000 രൂ. വീതം 5 എസ്.സി വിദ്യാർത്ഥികൾക്ക് നല്കിയിട്ടുണ്ട്. പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. 25000 രൂ കൈപ്പറ്റിയ കുമാരി അഥിന കെ.വി , വരുമാന സർട്ടിഫിക്കറ്റ് , റേഷൻകാർഡ് പ്രസക്ത ഭാഗത്തിന്റെ പകർപ്പ് എന്നിവ ഹാജരാക്കിയിട്ടില്ല.

2. പ്രോജക്ടിന്റെ മറ്റൊരു ഗുണഭോക്താവായ കുമാരി ഷിംന എം.കെ , ഏത് കോഴ്സിനാണ് പഠിക്കുന്നത് എന്ന് വ്യക്തമല്ല. മലബാർ ക്രിസ്ത്യൻ കോളേജിലെ മലയാളം ബിരുദാനന്തര ബിരുദ / ഗവേഷണ വിഭാഗത്തിൽ ഈ വിദ്യാർത്ഥിനിക്ക് ഗവേഷണ ജോലി ചെയ്യുന്നതിനാവശ്യമായ സൗകര്യം നല്കുന്നതാണ് എന്ന് അറിയിച്ചുകൊണ്ട് സ്ഥാപനത്തിന്റെ പ്രിൻസിപ്പൽ നല്കിയ കത്തു മാത്രമേ ഫയലിൽ ഉള്ളൂ.

11.01.2016 ലെ സ.ഉ.(എം.എസ്) 4/2016/തസ്വഭവ , അനുബന്ധം 15 ഖണ്ഡിക 6.8 ഇനം 2 പ്രകാരം നിർധനരായ കുടുംബങ്ങളിൽപ്പെട്ട മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷനൽ കോളേജുകളിൽ പഠിക്കുന്നതിനും പ്രൊഫഷനൽ കോഴ്സുകളിലേക്ക് എൻട്രൻസ് കോച്ചിങിനും മാത്രമാണ് സ്കോളർഷിപ്പ് നല്കുന്നത്.

കൂടാതെ 2016 -17 കാലയളവിൽ നിർവ്വഹണ ഉദ്യോഗസ്ഥ പ്രോജക്ട് രജിസ്റ്റർ , കാഷ്ബുക്ക് എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. 50,0000 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. തൃപ്തികരമായ മറുപടി ഇല്ലാത്ത പക്ഷം തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

അനർഹമായി നൽകിയ 50000 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്

## 3-6 ODF – കക്കൂസ് നിർമ്മാണം പദ്ധതി - ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറിയ തുകക്ക് കൈപ്പറ്റ് വിവരം ലഭ്യമല്ല

താഴെപ്പറയുന്ന പ്രോജക്ട് വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 128 /17 |
| പ്രോജക്ട് | ODF – കക്കൂസ് നിർമ്മാണം - ജനറൽ |
| വകയിരുത്തിയ തുക | 6 ലക്ഷം രൂ |
| ചെലവഴിച്ച തുക | 6 ലക്ഷം രൂ |
| ഫണ്ട് | ശുചിത്വ മിഷൻ ഫണ്ട്. |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി നൈന വി.പി , വി.ഇ.ഓ , കക്കോടി ഗ്രാമപഞ്ചായത്ത്. |

ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും വകയിരുത്തിയ 6 ലക്ഷം രൂപയും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറിയിരിക്കുകയാണ്. കൈമാറിയതിന്റെ വിവരം സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

| ഗുണഭോക്താക്കളുടെ എണ്ണം | കൈമാറിയ തുക |
|---|---|
| 13 | 15400 x 13 = 200200 രൂ |
| 1 | 6400 x 1 = 6400 |
| 1 | 5400 x1 = 5400 |
| 9 | 15400 x 9 = 138600 |
| 1 | 9400 x 1 = 9400 |
| 15 | 15400 x 15 = 231000 |
| 1 | 9000 x 1 = 9000 |

എന്നാൽ ഈ തുകകൾ അതാത് ബാങ്ക് അക്കൗണ്ടുകളിൽ കൈപ്പറ്റിയതിന് രേഖകളൊന്നും പരിശോധനക്ക് ലഭിച്ചിട്ടില്ല. അപാകത വിശദീകരിക്കേണ്ടതാണ്.

6 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-7 മുട്ടക്കോഴി വളർത്തൽ - പ്രോജക്ട് നടപ്പാക്കിയതിലെ അപാകത

2016 – 17 വർഷത്തിൽ കക്കോടി ഗ്രാമപഞ്ചായത്ത് വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 130 /17 |
| പ്രോജക്ടിന്റെ പേര് | മുട്ടക്കോഴി വളർത്തൽ |
| വകയിരുത്തൽ | 112500 രൂ |
| ചെലവഴിച്ച തുക | 78000 രൂ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം |
| ട്രഷറി ബിൽ നമ്പറുകൾ , തുകകൾ | 1/16-17 10.03.2017, 38500 രൂ<br>3/16-17 29.03.2017 , 39500 രൂ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഡോ : നസസീമ കെ.ടി , വെറ്ററിനറി സർജ്ജൻ |

പഞ്ചമി എഗ്ഗർ നഴ്സറി , കൂരാച്ചുണ്ട് എഗ്ഗർ നഴ്സറി എന്നീ സ്ഥാപനങ്ങളാണ് മുട്ടക്കോഴികളെ വിതരണം ചെയ്യുതത്. ഇതിൽ സബ്സിഡി തുക 38500 രൂപയും 14.5ശതമാനം വാറ്റും അടക്കം ആകെ 52899 രൂ വിലവരുന്ന 462 കോഴിക്കുഞ്ഞുങ്ങളേയാണ് കുഞ്ഞൊന്നിന് 114.5രൂ നിരക്കിൽ പഞ്ചമി എഗ്ഗർ നഴ്സറി , പി.സി.മുക്ക് , തച്ചംപൊയിൽ , താമരശ്ശേരി എന്ന സ്ഥാപനം വിതരണം ചെയ്യുത്. പ്രോജക്ട് നടപ്പാക്കിയതിലെ അപാകത താഴെപ്പറയുന്നു.

1. 52899 രൂ കൈപ്പറ്റിയതിന് പഞ്ചമി എഗ്ഗർ നഴ്സറിയിൽ നിന്നും കൈപ്പറ്റ് രശീത് ലഭിച്ചിട്ടില്ല.

2. കോഴിക്കോട് ജില്ല മൃഗ സംരക്ഷണ ഓഫീസർ പുറപ്പെടുവിച്ച 14.12.2016 തിയ്യതിയിലെ ബി3 – 6399 / 16(2) നമ്പർ നടപടിക്രമം പ്രകാരം 1.10.2016 മുതൽ 2 വർഷത്തേക്ക് അംഗീകാരമുള്ള എഗ്ഗർ നഴ്സറി ഉടമകളുടെ പേരു വിവരങ്ങൾ അറിയിച്ചിട്ടുണ്ട്. ഇതിൽ പഞ്ചമി എഗ്ഗർ നഴ്സറി ഉടമസ്ഥയായ ശ്രീമതി ഭാർഗ്ഗവി നാരായണൻ എന്നയാളുടെ പേര് ഉൾപ്പെട്ടിട്ടില്ല.

3. പഞ്ചമി എഗ്ഗർ നഴ്സറി 462 കോഴിക്കുഞ്ഞുങ്ങളേയും കുരാച്ചുണ്ട് എഗ്ഗർ നഴ്സറി 474 കോഴിക്കുഞ്ഞുങ്ങളേയും ആണ് വിതരണം ചെയ്തത്. എന്നാൽ ഈ എഗ്ഗർ നഴ്സറികളുടെ ഉല്പാദന ക്ഷമത സംബന്ധിച്ച് ജില്ലാ വെറ്ററിനറി ഓഫീസർ നല്കുന്ന സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭിച്ചിട്ടില്ല.

അപാകത വിശദീകരിക്കേണ്ടതാണ്. 78000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## **3-8** ജൈവ ഗ്രാമം - ശുചിത്വ ഗ്രാമം പദ്ധതി - റിങ് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്ത ഏജൻസിയിൽ നിന്നും വില്പന നികുതി , ഐ.ടി എന്നിവ ഈടാക്കിയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2016 – 17 വർഷത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതിയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 62 / 17 |
| പ്രോജക്ട് | ജൈവ ഗ്രാമം ശുചിത്വ ഗ്രാമം |
| വകയിരുത്തിയ തുക | 199980 രൂ |
| ചെലവഴിച്ച തുക | 54750 രൂ |
| ട്രഷറി ബിൽ നമ്പർ , തുക | 09 / 16-17 തിയ്യതി 25.03.2017 , 54750 രൂ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം |
| വകയിരുത്തിയ തുക | 1218600 രൂ |
| ചെലവഴിച്ച തുക | 273750 രൂ |
| ഫണ്ട് | കേന്ദ്രാവിഷ്കൃത ഫണ്ട് (ശുചിത്വ മിഷൻ ) |
| വകയിരുത്തിയ തുക | 244980 രൂ |
| ചെലവഴിച്ച തുക | 36500 രൂ |
| ഫണ്ട് | ഗുണഭോക്തൃ വിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ. പി. രജീഷ് , വി.ഇ.ഓ |

146 ഗുണഭോക്താക്കൾക്ക് 2500 രൂ നിലയുള്ള 2 റിങ് കമ്പോസ്റ്റ് യൂണിറ്റുകൾ ആകെ 365000 രൂപക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിനു വേണ്ടി 75 % ശുചിത്വമിഷൻ ഫണ്ടും 15% തനത് ഫണ്ടും 10 % ഗുണഭോക്തൃവിഹിതവുമാണ് വകയിരുത്തിയത്. ഗുണശ്രീ വെർമി കമ്പോസ്റ്റ് എന്ന ഏജൻസിയാണ്

യൂണിറ്റുകൾ വിതരണം ചെയ്തത്. 365000 രൂപക്കുള്ള 118 / 27.03.2017 നമ്പർ കാഷ് ബിൽ ഏജൻസി ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഈ കാഷ് ബില്ലിൽ വില്പന നികുതി രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിൽ നിന്നും വില്പന നികുതി, ഇൻകം ടാക്സ് എന്നിവ ഈടാക്കിയിട്ടുണ്ടോ എന്നതും വ്യക്തമല്ല. അപാകത വിശദീകരിക്കേണ്ടതാണ്.

365000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-9 സമഗ്ര വിദ്യാഭ്യാസ പരിപാടി - നാടകക്കളരി നടത്തിപ്പ് - പ്രോജക്ട് നടപ്പാക്കിയതിലെ അപാകത

2016 -17 വർഷത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ. 121 / 17 |
| പ്രോജക്ട് | സമഗ്ര വിദ്യാഭ്യാസ പരിപാടി |
| വകയിരുത്തിയ തുക | 2 ലക്ഷം രൂ |
| ചെലവഴിച്ച തുക | 27704 രൂ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം |
| ട്രഷറി ബിൽ നമ്പർ / തുക | 2/2016-17 തിയ്യതി 18.02.2017 , 27704 രൂ |
| ഭരണാനുമതി | 86/16 തിയ്യതി 08.07.2016 |
| അംഗീകാരം നല്കിയത് | ശ്രീമതി റെജിന കെ , എ.ഇ.ഒ . 2 / 30.08.2016 ഉത്തരവ് മുഖേന. |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി. പുഷ്പ മാത്യു , HM , GUPS , പടിഞ്ഞാറ്റുമുറി. |

മേൽ പരാമർശിച്ച തുക ഉപയോഗിച്ച് നാടകക്കളരി നടത്തുകയാണ് ചെയ്തത് . ചെലവിനങ്ങൾ താഴെപ്പറയുന്നു.

| | |
|---|---|
| നോട്ടീസ് മുതലായവയുടെ പ്രിന്റിങ് ചാർജ്ജ് | 966 രൂ |
| പരിശീലകരുടെ ഫീസ് | 6500 രൂ |
| 3 ദിവസത്തെ ഭക്ഷണം , അനുബന്ധ ചെലവുകൾ | 20238 രൂ |
| ആകെ | 27704 |

പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. 11.01.2016 ലെ സ.ഉ.(എം.എസ്)4/2016/തസ്വഭവ അനുബന്ധം 15 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.7 പ്രകാരം ഇത്തരം ക്യാമ്പുകളുടെ നടത്തിപ്പ് അനുവദനീയമല്ല.

2. പരിശീലകരെ എങ്ങനെ തെരഞ്ഞെടുത്തു എന്നത് വ്യക്തമല്ല.

3. ഏതൊക്കെ വിദ്യാർത്ഥികൾ പങ്കെടുത്തു എന്നതും ഇവരെ എങ്ങനെ തെരഞ്ഞെടുത്തു എന്നതും വ്യക്തമല്ല.

അപാകതകൾ വിശദീകരിക്കേണ്ടതാണ്. നടപടി സാധൂകരിക്കുന്ന സർക്കാർ ഉത്തരവുകൾ ലഭ്യമാണെങ്കിൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.27704 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-10 ഭവന പുനരുദ്ധാരണം (എസ്.സി ) - പ്രോജക്ട് നടപ്പാക്കിയതിലെ അപാകത

2016-17 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 007 /17 |
| പ്രോജക്ട് | ഭവന പുനരുദ്ധാരണം (എസ്.സി ) |
| വകയിരുത്തിയ തുക | 412700 രൂ |
| ചെലവഴിച്ച തുക | 327500 രൂ |
| ഫണ്ട് | എസ്.സി.പി |
| പ്രസക്തമായ ട്രഷറി ബിൽ നമ്പർ, തിയ്യതി , തുക | 28 /17 തിയ്യതി 29.03.2017, 112500 രൂ<br>761 / 17 തിയ്യതി 28.12.17, 37500 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.പി.ജി.സുനിൽകുമാർ, അസി.സെക്രട്ടറി |

പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. 28 /17 നമ്പർ ബില്ലിൽ നിന്നുമുള്ള 112500 രൂ , 37500 രൂ വീതം 3 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ( ശ്രീ രാജൻ പുഴവാളിയിൽ , ശ്രീ ബാലൻ മുപ്പറ്റമ്മൽ , ശ്രീമതി രാഗിണി കാരാട്ടു പറമ്പ് ) എന്നാൽ ഇവരിൽ നിന്നും കൈപ്പറ്റ് രശീതുകൾ ലഭിച്ചിട്ടില്ല.

2. 761/17 ബില്ലിൽ നിന്നുമുള്ള 37500 രൂ ആർക്കാണ് വിതരണം ചെയ്തത് എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല.

അപാകതകൾ വിശദീകരിക്കേണ്ടതാണ്. 112500 രൂ , 37500 രൂ എന്നീ ചെലവുകൾ തടസ്സത്തിൽ വെക്കുന്നു.

## 3-11 എസ് . സി വിഭാഗക്കാർക്ക് വേണ്ടി വീടിന് സ്ഥലം വാങ്ങൽ പദ്ധതി - നടപ്പാക്കിയതിലെ അപാകത

അസിസ്റ്റന്റ് സെക്രട്ടറി 2016 17 വർഷത്തിൽ നടപ്പാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 005 /17 |
| പ്രോജക്ട് | സ്ഥലം വാങ്ങൽ (SC) |
| വകയിരുത്തിയ തുക | 450000 രൂ |

| | |
|---|---|
| ചെലവഴിച്ച തുക | 150000 രു |
| ഫണ്ട് | എസ്.സി.പി |
| ട്രഷറി ബിൽ നമ്പർ , തുക | 694 / 2017 തിയ്യതി 10.03.2017 , 150000 രു |
| ഭരണാനുമതി | 51/16 തിയ്യതി 28.04.2016 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.പി.ജി.സുനിൽ കുമാർ , അസി.സെക്രട്ടറി |

ഈ പ്രോജക്റ്റ് പ്രകാരം ശ്രീ.അമിത്ത് തലാപ്പാത്തിൽ മീത്തൽ എന്നയാൾക്ക് 258 / 1 / 2017നമ്പർ ആധാരം പ്രകാരം 162 എം2 (4.0029 സെന്റ് )സ്ഥലം വാങ്ങുന്നതിന് 150000 രു ധനസഹായം ലഭിച്ചിട്ടുണ്ട്. 11.01.2016 ലെ സ.ഉ.(എം.എസ്)4/2016/തസ്വഭവ അനുബന്ധം 15 പട്ടിക 3.6 ക്രമനമ്പർ 3 (1) പ്രകാരം സബ്സിഡി തുകയുടെ പരിധിയിൽ കവിയാതെ നിശ്ചയിക്കപ്പെട്ട മിനിമം വിസ്തൃതിയിൽ കൂടുതൽ സ്ഥലം വാങ്ങിച്ചാൽ മിനിമം സ്ഥലത്തിനുള്ള വില നിജപ്പെടുത്തി സബ്സിഡി തുക പരിമിതപ്പെടുത്തേണ്ടതാണ്.

ഇവിടെ മിനിമം സ്ഥല വിസ്തൃതിയായ 3 സെന്റിന് ഗുണഭോക്താവിന് ചെലവ് വന്ന തുക 112418 രു മാത്രമാണ്. ഈ തുക അനുവദിക്കുന്നതിന് പകരം 150000 രുയാണ് അനുവദിച്ചത്. 37582 രു അധികം അനുവദിച്ചത് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-12 പട്ടിക ജാതി വിഭാഗക്കാർക്ക് വിവാഹ ധനസഹായം - അനർഹനായ ഗുണഭോക്താവിന് ധനസഹായം നല്കി

താഴെപ്പറയുന്ന പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ 08 / 17 |
| പ്രോജക്റ്റ് | വിവാഹ ധനസഹായം (എസ്.സി ) |
| വകയിരുത്തിയ തുക | 550000 രു |
| ചെലവഴിച്ചത് | 550000 രു |
| ഫണ്ട് | എസ്.സി.പി |
| ട്രഷറി ബിൽ നമ്പറുകൾ / തുക | 518 / 2016 തിയ്യതി 24.11.2016 , 350000 രു<br>649 / 2017 തിയ്യതി 16.01.2017 , 100000 രു<br>745 / 2017 തിയ്യതി 10.03.2017 , 50000 രു<br>850 / 2017 തിയ്യതി 28.03.2017 , 50000 രു |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.സുനിൽ കുമാർ പി.ജി , അസി. സെക്രട്ടറി |

11 പേരാണ് ഈ പ്രോജക്ടിൽ ധന സഹായം കൈപ്പറ്റിയത് . ഇതിൽ 649നമ്പർ ബില്ലിൽ നിന്നും ദീപ്തി .എം എന്ന മകൾക്കു വേണ്ടി ശ്രീ. എം.കൃഷ്ണൻ കുട്ടി , കുന്നുമ്മൽ താഴത്ത് എന്ന ഗുണഭോക്താവ് 50000 രു കൈപ്പറ്റിയിട്ടുണ്ട്. 322 / 2159035704 നമ്പർ റേഷൻ കാർഡിൽ ടിയാന്റെ ജോലി

രേഖപ്പെടുത്തിയിരിക്കുന്നത് " പൊതുമേഖല" എന്നാണ്. കൂടാതെ 30.09.2016 ലെ 20919356 നമ്പർ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം ഇയാളുടെ കുടുംബ വാർഷിക വരുമാനം 96420 രൂ യാണ്. 11.01.2016 ലെ സ.ഉ.(എംഎസ്) 4/2016 തസ്വഭവ അനുബന്ധം 15 ഖണ്ഡിക 6.5 ഇനം 1 , ഖണ്ഡിക 2.14 ഇനം ii എന്നിവ പ്രകാരം സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ വരുമാന പരിധിക്ക് താഴെയുള്ളവരായി കണക്കാക്കില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അനർഹമായി നൽകിയ 50000 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരിച്ചു പിടിക്കേണ്ടതാണ്.

## **3-13** സ്വയം തൊഴിലിന് ടാക്സി കാർ , പിക്കപ്പ് വാൻ - പദ്ധതി നടപ്പാക്കിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 083 /2017 |
| പ്രോജക്ട് | സ്വയം തൊഴിലിന് ടാക്സി കാർ , പിക്കപ്പ് വാൻ (എസ് . സി വിഭാഗം ) |
| വകയിരുത്തിയ തുക | 4 ലക്ഷം രൂ |
| ചെലവഴിച്ച തുക | 4 ലക്ഷം രൂ |
| ഫണ്ട് | എസ്.സി.പി |
| ട്രഷറി ബിൽ നമ്പറുകൾ / തുക | 764 / 2017 10.03.2017 , 2 ലക്ഷം രൂ<br>853 / 2017 28.03.2017 , 2 ലക്ഷെ രൂ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.പി.ജി. സുനിൽ കുമാർ , അസി. സെക്രട്ടറി. |

ശ്രീ.ബിബീഷ് ടി.എം , ശ്രീമതി സുഷിജ കണിക്കോട്ടുമ്മൽ എന്നിവർക്കാണ് യഥാക്രമം ടാക്സി കാർ , പിക്കപ്പ് വാൻ എന്നിവ വാങ്ങുന്നതിന് 2 ലക്ഷം രൂ വീതം ധനസഹായം നല്കിയത്. ബൊലേറോ ടാക്സി കാർ എറോം മോട്ടോഴ്സ് എന്ന ഏജൻസിയിൽ നിന്നും Dost Lx H8D പി.കെ ആർക്കേഡ് ,ഫറോക്ക് ചുങ്കംഎന്ന ഏജൻസിയിൽ നിന്നുമാണ് ഇവർ വാങ്ങിയത്. പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത താഴെപ്പറയുന്നു.

1. ശ്രീ. ബിബീഷ് ടാക്സി കാർ വാങ്ങിയതിനുള്ള യഥാർത്ഥ കാഷ് ബിൽ പരിശോധനക്ക് ലഭിച്ചിട്ടില്ല.

2. സബ്സിഡി തുക ,അതാത് ഏജൻസികളുടെ അക്കൗണ്ടിൽ കൈപ്പറ്റിയതിന് രേഖയില്ല.

3. ഗുണഭോക്താക്കൾക്ക് നിലവിൽ 4 / 6 ചക്ര വാഹനങ്ങൾ സ്വന്തമായുണ്ടോ എന്നത് പരിശോധിച്ചിട്ടില്ല.

11.01.2016 ലെ സ.ഉ.(എം.എസ്)4/2016 തസ്വഭവ അനുബന്ധം 15 ഖണ്ഡിക 3.7 ഇനം 6 പ്രകാരം ഗുണഭോക്താക്കൾ നിലവിൽ 4 /6 ചക്രവാഹന ഉടമകൾ ആയിരിക്കരുത്.

4. ഗുണഭോക്താക്കളുടെ റേഷൻ കാർഡ് പ്രസക്ത ഭാഗങ്ങളുടെ പകർപ്പുകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല.

11.01.2016 ലെ സ.ഉ.(എം.എസ്)4/2016 തസ്വഭവ അനുബന്ധം 15 ഖണ്ഡിക 2.14 പ്രകരരമുള്ള നിബന്ധനകൾ ഗുണഭോക്താക്കളുടെ കാര്യത്തിൽ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന്

ഇവ പരിശോധിക്കേണ്ടത് ആവശ്യമാണ്.

5. ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ശ്രീമതി സുഷിജ കണിക്കോട്ടുമ്മൽ എന്നയാൾക്ക് 80 മാർക്ക് ആണ് ലഭിച്ചത്.

എന്നാൽ 100 മാർക്ക് ലഭിച്ച 3 പേർ ഇതേ ലിസ്റ്റിൽ ഉള്ളതായി കാണുന്നു. ഇവരുടെ പേരു വിവരം താഴ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ |
|---|---|
| ശ്രീ സജിൽ കുമാർ വേലായുധൻ | 17 |
| ശ്രീ ധന്യേഷ് പി.ടി | 21 |
| ശ്രീ ആനന്ദൻ , S/o സുന്ദരൻ | 17 |

ഇവരെ മറികടന്ന് ശ്രീമതി സുഷിജക്ക് ധനസഹായം നല്കുവാനുണ്ടായ സാഹചര്യം വ്യക്തമല്ല. അപാകതകൾ വിശദീകരിക്കേണ്ടതാണ്. 4 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-14 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം - പ്രോജക്ട് നടപ്പാക്കിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.065 / 17 |
| പ്രോജക്ട് | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം |
| വകയിരുത്തിയ തുക | 2 ലക്ഷം രൂ |
| ചെലവഴിച്ച തുക | 198840 രൂ |
| ഫണ്ട് | തനത്ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥന് നല്കിയ ട്രഷറി ചെക്ക്നമ്പർ / തിയ്യതി , തുക | എസ്.ബി/എക്സ്.വൈ 1633626 / 17.02.2017 ,198840 രൂ. |
| കിറ്റുകൾ വിതരണം ചെയ്ത ഏജൻസി | കോസ്മോസ് സ്പോർട്സ് വേൾഡ് LLP |
| ഇൻവോയ്സ് നമ്പർ , തുക | AKTC – 958 –2016 / 23.01.2017 , 198840 രൂ |
| ഭരണാനുമതി | 51/16 തിയ്യതി 28.04.2016 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി. പുഷ്പ മാത്യു , HM ,GUPS , പടിഞ്ഞാറ്റുംമുറി |

പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. 11.01.2016 തിയ്യതിയിലെ സ.ഉ.(എം.എസ്) 4/2016/തസ്വഭവ പ്രകാരം ഇത്തരം ഒരു പ്രോജക്ട് നടപ്പാക്കാൻ അനുമതിയില്ല.

2. ക്ലബ്ബുകളുടെ അംഗീകാരം സംബന്ധിച്ച രേഖകളൊന്നും പരിശോധനക്ക് ലഭിച്ചിട്ടില്ല.

3. കിറ്റുകളുടെ വിതരണക്കാർ 198840 രൂ. കൈപ്പറ്റിയതിനുള്ള രേഖകളൊന്നും പരിശോധനക്ക് ലഭിച്ചിട്ടില്ല.

അനുവദനിയമല്ലാത്ത ഇനത്തിനായി ചെലവഴിച്ച. 198840 രൂ യുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

## 3-15 കക്കോടി - ബസാർ ബൈപ്പാസ് ഫുട്പാത്തിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - തുക കൈമാറിയെങ്കിലും പ്രോജക്ട് നടപ്പായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ. 164 / 17 |
| പ്രോജക്ടിന്റെ പേര് | കക്കോടി ബസാർ - ബൈപ്പാസ് ഫുട്പാത്തിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ . |
| വകയിരുത്തിയ തുക | 50000 രൂ |
| ചെലവഴിച്ച തുക | 26459 രൂ |
| ഫണ്ട് | തനത് ഫണ്ട് |
| ഭരണാനുമതി | 86/16 തിയ്യതി 08.07.2016 |
| അംഗീകാരം നല്കിയത് | ശ്രീ.എം.ടി. സജീവ് അസി.എക്സി.എഞ്ചിനീയർ. 29.08.2016 ലെ ESDK/9/KDI/16-17 ഉത്തരവ് പ്രകാരം. |
| കെ.എസ്.ഇ.ബി ക്ക് തുക കൈമാറിയ ചെക്ക് നമ്പർ | 830000 തിയ്യതി 30.03.2017 , 26459 രൂ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.സി.മുരളീധരൻ , ഗ്രാമപഞ്ചായത്ത് സെക്രട്ടറി. |

പ്രോജക്ട് നടപ്പാക്കുന്നതിന് വേണ്ടി സെക്രട്ടറിയുടെ 20.06.2017 ലെ എ2 / 1150 / 2016 നമ്പർ കത്തു പ്രകാരം കക്കോടി ഇലക്ട്രിക്കൽ സെക്ഷൻ അസി. എഞ്ചിനീയർക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും കൈമാറിയ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. പ്രോജക്ടിന്റെ മോണിറ്ററിങ് സർട്ടിഫിക്കറ്റും പരിശോധനക്ക് ലഭിച്ചിട്ടില്ല.

അപാകത വിശദീകരിക്കേണ്ടതാണ്. 26459 രൂ യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-16 തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി - പ്രോജക്ട് നടപ്പാക്കിയതിലെ അപാകത

സെക്രട്ടറി നടപ്പാക്കിയ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ എന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 112 /17 |
| പ്രോജക്ട് | സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി |
| വകയിരുത്തിയ തുക | 3 ലക്ഷം രൂ |
| ചെലവഴിച്ച തുക | 80000 രൂ |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ട്രഷറി ബിൽ നമ്പർ , തുക | 767/2017 തിയ്യതി 10.03.2017 , 80000 രൂ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.സി.മുരളീധരൻ, സെക്രട്ടറി , കക്കോടി ഗ്രാമപഞ്ചായത്ത്. |

പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. ശ്രീ. ടി.പി. കോയ , താഴെ പാണക്കാട്ട് , കാണോട്ട് എന്ന കരാറുകാരനാണ് 80000 രൂ നല്കിയത്.

എന്നാൽ എങ്ങനെയാണ് ഈ കരാറുകാരനെ പ്രവൃത്തിക്കുവേണ്ടി തെരഞ്ഞെടുത്തത് എന്ന് വ്യക്തമല്ല.

2. തുക കൈപ്പറ്റിയതിന് കൈപ്പറ്റ് രശീത് ഇല്ല.

3. കരാറുകാരൻ പൂർത്തിയാക്കിയ അറ്റകുറ്റപ്പണി സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ഇല്ല.

ഏതൊക്കെ തെരുവ് വിളക്കുകളാണ് അറ്റകുറ്റപ്പണി നടത്തിയത് എന്നത് വ്യക്തമല്ല.

4. പ്രോജക്ട് നടപ്പാക്കിയത് സംബന്ധിച്ച മോണിറ്ററിങ് റിപ്പോർട്ട് പരിശോധനക്ക് ലഭിച്ചിട്ടില്ല.

5. കരാറുകാരനുമായി ഒപ്പിട്ട എഗ്രിമെന്റ് പരിശോധനക്ക് ലഭിച്ചിട്ടില്ല.

അപാകതകൾ വിശദീകരിക്കേണ്ടതാണ്. 80000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

തൃപ്തികരമായ മറുപടി ഇല്ലാത്ത പക്ഷം നഷ്ട തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 3-17 കൃഷി ഓഫീസിൽ ഉപകരണങ്ങൾ വാങ്ങൽ - പ്രോജക്ട് നടപ്പാക്കിയതിലെ അപാകത

2016 -17 വർഷത്തിൽ കൃഷി ഓഫീസർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 277 /17 |
| പ്രോജക്ട് | കൃഷി ഓഫീസിൽ ഉപകരണങ്ങൾ വാങ്ങൽ. |
| വകയിരുത്തിയ തുക | 580280 രൂ |
| ചെലവഴിച്ച തുക | 578296 രൂ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം. |
| ട്രഷറി ബിൽ നമ്പർ / തുക | 3/2016-17 തിയ്യതി 29.03.2017 , 578296 രൂ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി ആർ.ബിന്ദു , കൃഷി ഓഫീസർ. |

മേൽ പരാമർശിച്ച ബിൽ തുകയിൽ നിന്നും 489502 രൂ ഉപയോഗിച്ച് റെയ്ഡ്കോയിൽ നിന്നും ട്രാക്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി കാർഷിക കർമ്മസേനക്ക് നല്കിയിട്ടുണ്ട് ( റെയ്ഡ്കോയുടെ ഇൻവോയ്സ് നമ്പർ 3755 / 22.03.2017 ). അതായത് ഇവിടെ 100 ശതമാനം സബ്സിഡിയോടെയാണ് ട്രാക്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി നല്കിയത്. 11.01.2016 തിയ്യതിയിലെ സ.ഉ.(എം.എസ്) 4/2016 /തസ്വഭവ അനുബന്ധം 15 ഖണ്ഡിക 3.1 ഇനം 7 പ്രകാരം ട്രാക്ടർ പോലുള്ള ഉപകരണങ്ങ്ങൾ വാങ്ങി നല്കുമ്പോൾ 75 ശതമാനം സബ്സിഡി മാത്രമേ പാടുള്ളൂ. അധികച്ചെലവ് വന്ന 122376 രൂ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

## 3-18 കൈപ്പറ്റ് രശീത് / വിനിയോഗ സർട്ടിഫിക്കറ്റുകൾ ലഭിച്ചില്ല

താഴെപ്പറയുന്ന പ്രോജക്ടുകളിൽ കൈമാറിയ തുകകൾക്ക് അവ കൈപ്പറ്റിയ ഏജൻസികളിൽ നിന്നും കൈപ്പറ്റ് രശീത് / വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട്, നിർവ്വഹണ | ട്രഷറി ബിൽ/ ചെക്ക്നമ്പർ / | ബില്ലിൽ നിന്നും കൈമാറിയ | തുക കൈപ്പറ്റിയത് | റിമാർക്സ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | ഉദ്യോഗസ്ഥൻ | തിയ്യതി /തുക , ഫണ്ട് | തുക (രൂ) | | |
| 1. | എസ്.ഒ.105/17 | സമഗ്ര പുരയിട കൃഷി , കൃഷി ഓഫീസർ | 1/2016-17 തിയ്യതി 27/2/17 , 754260 രൂ , വികസന ഫണ്ട് | 754260 | സെക്രട്ടറി, ചേളന്നൂർ സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് | തെങ്ങ് കൃഷിക്ക് ജൈവവളം വിതരണം ചെയ്ത വകയിൽ SCB യുടെ അക്കൗണ്ടിലേക്ക് കൈമാറിയ തുക. |
| 2. | എസ്.ഒ.105/17 | -ടി- | 4/16-17 തിയ്യതി 29.03.17, 626000 രൂ, വികസന ഫണ്ട് | 260640 | ചേളന്നൂർ SCB | തെങ്ങ് കൃഷിക്ക് ജൈവവളം വിതരണം ചെയ്ത വകയിൽ SCB യുടെ അക്കൗണ്ടിലേക്ക് കൈമാറിയ തുക. |
| | | | | 15360 | -ടി- | -ടി- |
| | | | | 350000 | പ്രോജക്ടിന്റെ ഗുണഭോക്താക്കൾ. | കൂമ്പ് ചീയൽ ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റിയതിന് ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് മാറ്റിയ തുക |
| 3. | 78/17 | PMAY വിഹിതം അടവാക്കൽ (SC) , അസിസ്റ്റന്റ് സെക്രട്ടറി | 743/2017 തിയ്യതി 10.03.2017 , 5 ലക്ഷം രൂ, SCP | 5 ലക്ഷം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി , ചേളന്നൂർ | ബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറിയ PMAY വിഹിതത്തിന് കൈപ്പറ്റ് രശീത് , വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. |
| 4. | എസ്.ഒ.244/17 | സാമൂഹ്യസുരക്ഷ മിഷന് തുക നല്കൽ , സെക്രട്ടറി | 751/17 തിയ്യതി 13.02.17 , 5 ലക്ഷം രൂ, വികസന ഫണ്ട് | 5 ലക്ഷം | സാമൂഹ്യസുരക്ഷ മിഷൻ | സാമൂഹ്യ സുരക്ഷ മിഷന് തുക കൈമാറിയ തുകക്ക് കൈപ്പറ്റ് രശീത് , വിനിയോഗ സർട്ടിഫിക്കറ്റ് ഇല്ല. |
| 5. | എസ്.ഒ.075/17 | IKM ന് വിഹിതം നല്കൽ, സെക്രട്ടറി. | 453/16 തിയ്യതി 11.10.16 , 65832 രൂ , | 65832 രൂ | എക്സി. ഡയറക്ടർ, IKM | IKM ന് കൈമാറിയ തുകക്ക് കൈപ്പറ്റ് രശീത് ലഭിച്ചിട്ടുണ്ട്. വിനിയോഗ |

| | | | | | | |
|---|---|---|---|---|---|---|
| | | | വികസന ഫണ്ട് - പൊതുവിഭാഗം | | | സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. |
| 6. | എസ്.ഒ.069/17 | കന്നുകുട്ടി പരിപാലനം - പഞ്ചായത്ത് തുക നല്കൽ. വെറ്ററിനറി സർജ്ജൻ. | ട്രഷറി ചെക്ക് നമ്പർ SB/XY 1633627 തിയ്യതി17.02. 2017 , 50000 രൂ , തനത്ഫണ്ട് | 50000 രൂ | അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീം. കോഴിക്കോട്. | കൈപ്പറ്റ് രശീത് , വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടില്ല. |
| 7. | എസ്.ഒ.135/17 | കന്നുകുട്ടി പരിപാലനം . വെറ്ററിനറി സർജ്ജൻ | 2/16-17 തിയ്യതി 10.03.2017, 175000 രൂ , വികസന ഫണ്ട്- പൊതുവിഭാഗം | 175000 രൂ | അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീം. കോഴിക്കോട്. | കൈപ്പറ്റ് രശീത് , വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടില്ല. |
| 8. | എസ്.ഒ 003/17 | വീട് നിർമ്മാണം (എസ്.സി) അസി. - സെക്രട്ടറി | 757/17 തിയ്യതി 28.02.2017 , 120000 രൂ , എസ്.സി.പി | 120000 രൂ | അതാത് ഗുണഭോക്താക്കൾക്ക് | കൈപ്പറ്റ് രശീത് ലഭിച്ചിട്ടില്ല. |
| 9. | ടി | ടി | 758/17 തിയ്യതി 28.02.2017 , 120000 രൂ , എസ്.സി.പി | 120000 രൂ | ടി | ടി |

അപാകത വിശദീകരിക്കേണ്ടതാണ്. 2911092 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-19 ആദായ നികുതി ഈടാക്കിയതിൽ കുറവ് - കരാറുകാരന് കൂടുതൽ തുക നൽകി

ഓഡിറ്റ് വർഷത്തിൽ പ്രവൃത്തി നടത്തിയതിന് അഞ്ജന കൺസ്ട്രക്ഷൻസിന് തുക നല്കിയിട്ടുണ്ട് . ആകെ പ്രവൃത്തിമൂല്യത്തിന്റെ 1%നിരക്കിൽ ആദായനികുതി ഈടാക്കിയാണ് തുക നല്കിയിരിക്കുന്നത് ആദായ നികുതി നിയമം സെക്ഷൻ 194സി പ്രകാരം വ്യക്തികളല്ലാത്ത കരാറുകാരിൽ നിന്നും ആകെ പ്രവൃത്തിമൂല്യത്തിന്റെ 2%

നിരക്കിലാണ് ആദായനികുതി ഈടാക്കേണ്ടത്.നികുതി ഈടാക്കിയതിൽ കുറവ് വന്നതിനാൽ താഴെ പറയും പ്രകാരം 13221/- രൂപയുടെ നഷ്ടം കേന്ദ്രസർക്കാരിനുണ്ടാവുകയും കരാറുകാരന് അർഹമായതിലധികം തുക നൽകാനിട വരികയും ചെയ്തു. വിശദ വിവരം താഴെ പറയുന്നു.

| ക്രമ നം | പ്രവൃത്തി ആകെ പ്രവൃത്തി മൂല്യം | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക | കുറവ് |
|---|---|---|---|---|
| 1 | 136/17 ഭഗവതി പറമ്പത്ത് കമ്മിളിത്താഴം റോഡ് 189748/- | 1897 | 3794 | 1897 |
| 2 | 161/17 നടുവിൽ പൂവത്തൂർ റോഡ്<br>200000/- | 2000 | 4000 | 2000 |
| 3 | 157/17 കരമംഗലം അറവങ്ങാട്ട് മീത്തൽ റോഡ് 404429 | 4044 | 8088 | 4044 |
| 4 | 167/17 കരോത്ത് താഴം ഒടിയനാരിതാഴം റോഡ് 188000 | 1880 | 3760 | 1880 |
| 5 | 170/17 പൊയിൽതാഴം കരിമ്പയിൽതാഴം ഫുട്പാത്ത് 340000 | 3400 | 6800 | 3400 |
| | | | | 13221 |

നിയമാനുസൃതം ആദായനികുതി ഈടാക്കാത്തതിന് വിശദീകരണം നല്കേണ്ടതും ആദായ നികുതി വകുപ്പുമായി ബന്ധപ്പെട്ട് തുകയുടെ കൃത്യത ഉറപ്പു വരുത്തി അടവാക്കേണ്ടതുമാണ്

## 3-20 ഉപയോഗക്രമം നിശ്ചയിച്ചിട്ടില്ലാത്ത കെട്ടിടത്തിൽ ആവശ്യത്തിലധികം ഉയരത്തിൽ ചുമരിൽ ടൈൽ പതിച്ചു - അനാവശ്യ ചെലവ്

പ്രോജക്ട് - ഉല്ലാസ് ഭവൻ റിപ്പയർ 53/17 (287/16)

അടങ്കൽ - 100000 വികസന ഫണ്ട്

91193 റോഡിതര സംരക്ഷണ ഗ്രാന്റ്

191193

ടിഎസ് AEE/CBP/624/15-16 16.2.16

ചെലവ് 100000 ബിൽ 28/16-17 25.3.17

91193 ബിൽ 27/16-17 25.3.17

191193

പഞ്ചായത്തിലെ ഒമ്പതാം വാർഡിൽ കണ്ണാടിച്ചാലിൽ എന്ന സ്ഥലത്ത് ശിശു മന്ദിരത്തിനു മുന്നിലായി സ്ഥിതി ചെയ്യുന്ന കെട്ടിടം അറ്റകുറ്റപ്പണി നടത്തി ഉപയോഗിക്കുന്നതിനാണ് മേൽപ്രോജക്ട് നടപ്പാക്കിയത്. ആയതിനായി പഴയ പെയിന്റിംഗ് ഉരച്ചുമാറ്റി പുതിയ പെയിന്റിംഗ് നടത്തുകയും നിലവും ഭിത്തികളും ടൈൽ

ചെയ്യുകയും ചെയ്തു. മേൽ കെട്ടിടം നിലവിൽ യാതൊരാവശ്യങ്ങൾക്കും ഉപയോഗപ്പെടുത്താതെ പൂട്ടിയിട്ട നിലയിലാണ്. മേൽ പ്രവൃത്തിയിലെ ഒരിനം ഭിത്തിയിൽ ടൈൽ പതിക്കലാണ്. (ഡഡോയിങ്ങ്) ആയതിനായി ആശുപത്രികളിലെയും മറ്റും അണുവിമുക്ത മുറികളിലും മരുന്ന സൂക്ഷിപ്പ മുറികളിലും ചെയ്യുന്ന തരത്തിൽ 60 cm ഉയരത്തിൽ ടൈൽ പതിച്ചിട്ടുണ്ട്. ഓഫീസ് മുറി, ഹാൾ, സൈഡ് റൂം എന്നിവയുള്ള മേൽ കെട്ടിടം പൂർണ്ണമായും മേൽ പ്രവൃത്തി നടത്തി. സാധാരണ ഉപയോഗത്തിനുള്ള കെട്ടിടങ്ങളിൽ 15 cm ഉയരത്തിലുള്ള സ്കർട്ടിങ്ങ് മാത്രം നടത്തിയാൽ മതിയെന്നിരിക്കെ 60cm ഉയരത്തിൽ ടൈൽ പതിച്ചത് അനാവശ്യ ചെലവാണ്. ആയതിനായി താഴെ പറയുന്ന വിധം അധിക തുക ചെലവഴിച്ചു.

| പ്രവൃത്തി | അളവും നിർണ്ണയിച്ച തുകയും | 15 cm സ്കർട്ടിങ്ങ് നൽകിയാൽ വരുന്ന തുക | അധികം |
|---|---|---|---|
| ചുമരിൽ ടൈൽ പതിക്കൽ | 64.45x0.60= 38.67<br>38.67x1155.41= 34662.30 | 64.45x0.15=9.67<br>9.67 x 1155.41= 11172.81 | 23489.49 |

മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

2 ലക്ഷത്തോളം രൂപ ചെലവഴിച്ചിട്ടും കെട്ടിടം പ്രയോജനപ്പെടുത്താത്തതിനും വിശദീകരണം നല്കേണ്ടതാണ്. അധികമായി ചെയ്ത 23489 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-21 കരാർ വയ്ക്കാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

ജി.ഓ(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതായിരുന്നു. 14 ദിവസം കഴിഞ്ഞ് പി.എ.സി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി /കരാറുകാരൻ | പിഎസിയുടെ 1% ഫൈൻ തുക |
|---|---|---|---|---|
| 1 | ഒറ്റപ്പിലാക്കൽ അംഗനവാടി റിപ്പയർ 55/17അടങ്കൽ 100000 MG(NR) ചെലവ് 96496 47/16-17 | 7.3.16 | 12/16-17<br>13.7.16<br>എം.ശശിധരൻ | 1000/- |

| | | | | |
|---|---|---|---|---|
| | 31.3.17കരാർ തുക 100000- | | | |
| 2 | മേടക്കുന്ന്മല വാട്ടർ ടാങ്ക് റോഡ് 153/17 അടങ്കൽ 175000 ചെലവ് 164500/- ചെക്ക് 1633649/15.3.17കരാർ തുക 175000 | 28.12.16 | 62/16-17 30.1.17 അഞ്ജന കൺസ്ട്രക്ഷൻസ് | 1750/- |
| | | | | 2750 |

കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിലടവാക്കേണ്ടതാണ്.

## 3-22 ഇറിഗേഷൻ വകുപ്പിന്റെ ചുമതലയിലുള്ള പ്രവൃത്തിയായ ഉപ്പുവെള്ള പ്രതിരോധ ബണ്ടിന് തുക ചെലവഴിച്ചു

പ്രോജക്ട് -222/16-17 ഉപ്പുവെള്ള പ്രതിരോധ ബണ്ട്

നിർവ്വഹണം -അസി.എഞ്ചിനീയർ

അടങ്കൽ -50000 തനത് ഫണ്ട്

ടിഎസ് -75908/2016-17

എഗ്രിമെന്റ് -120/16-17 7.3.17

കൺവീനർ - രവീന്ദ്രൻ.സി

ചെലവ് – 50000/- ചെക്ക് നം ലഭ്യമാക്കിയിട്ടില്ല

പഞ്ചായത്തിലെ 2,3 വാർഡുകളിലെ മൂന്ന കണ്ടത്തിൽ താഴം, പുഴത്തിനാട് താഴം, പാടികയിൽ താഴം, ചെലപ്രം എന്നിവിടങ്ങളിൽ തംബാകം മരം ഉപയോഗിച്ച് തടയണ കെട്ടി അതിനുള്ളിൽ മണ്ണ് നിറച്ച് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മിക്കാനാണ് പ്രോജക്ട് തയ്യാറാക്കിയത്. ആയതിനായി 50000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ ചുമതലയിൽപ്പെട്ട മേൽ പ്രവൃത്തി ഏറ്റെടുക്കാൻ പഞ്ചായത്തിനുള്ള ആധികാരികത വ്യക്തമാക്കിയിട്ടില്ല. പ്രവൃത്തിക്കായി തുക നൽകിയെങ്കിലും കൈപ്പറ്റ് വിവരവും തുക നൽകിയതിനുള്ള രേഖകളും ഫയലില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം നല്കിയിട്ടില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-23 പി എച്ച സി യിലേയ്ക്ക് റീ -ഏജന്റ് വാങ്ങൽ -അപാകതകൾ

പ്രോജക്ട്, നം : 119/ 2017

ബിൽ നം/തുക : 4/2016-17/10-2—2017 55490

6/16-17/9-3-17 4510

(ആകെ തുക-60000)

നിർവഹണഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ

കക്കോടി ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ പി എച്ച് സിയിലേക്ക് റീ എജന്റ് മെഡിസോൺ ഡയഗ്നോസ്റ്റിക്ക് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. GO{RT) 2487/2016 LSGD 20-8-16, പാര 2.5 ടേബിൾ, 2.1 പ്രകാരം ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെയാണ് മേൽ പ്രോജക്ട് നടപ്പിലാക്കിയത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 3-24 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായില്ല.

പ്രോജക്ട്, നം : 127/ 2016-2017

ബിൽ നം/തുക : 2/2016-17/10-2-2017/100000

നിർവഹണഉദ്യോഗസ്ഥൻ :ഹോമിയോമെഡിക്കൽ ഓഫീസർ

കക്കോടിഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഹോമിയോഡിസ്‌പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങാൻ വേണ്ടി മാനേജിങ്ങ്ഡയറക്ടർ, ഹോംകോ യുടെ എക്കൗണ്ടിലേക്ക് 100000 രൂപ കൈമാറിയിട്ടുണ്ട് . പ്രസ്തുത മരുന്ന് ഓഡിറ്റ് കാലയളവ് വരെ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കാൻവേണ്ടി 15-8-17ന് മെഡിക്കൽ ഓഫീസർ ഹോംകോയ്ക്ക് കത്തുനൽകിയുട്ടുണ്ടെങ്കിലും മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-25 ആയുർവ്വേദ ഹോസ്പിറ്റലിനു മരുന്ന് വാങ്ങൽ NAC-ഹാജരാക്കിയില്ല.

പ്രോജക്ട്, നം : 118/ 16-17 :

ബിൽ നം/തുക : 3/2016-17/10-2-2017/500000

നിർവഹണഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ആയുർവേദം

കക്കോടി ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ആയുർവ്വേദ ഹോസ്പിറ്റലിനുവേണ്ടി ഔഷധിയിൽ നിന്നും മരുന്ന് വാങ്ങാൻ വേണ്ടി പ്രസ്തുതതുക ഔഷധിയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട് . പ്രസ്തുത മരുന്ന് NAC ഇല്ലാതെയാണ് വാങ്ങിയത് മരുന്ന ലഭ്യമായ വിവരം ഫയലിൽ രേഖപ്പെടുത്തുകയോ, സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുകയോ ചെയ്തിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും NAC പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തിയ്യതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 28-3-17 | 126000 | പാലിന് സബ്സിഡി | 126000 | 0 |
| ബ്ലോക്ക് | 31-3-17 | 238560 | ഹരിതകേദാരം | 238560 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

.ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

.

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.5 പ്രകാരം 608696 രൂപ വായ്പാ ഇനത്തിൽ തിരിച്ചടയ്ക്കാനുള്ള തുകയായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

## 4-5. സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3000/- |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 3000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3000/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കോഴിക്കോട് ജില്ല സഹകരണ ആശുപത്രി ഷെയർ | 2500/- |
| ജില്ലാ ഫാർമേഴ്സ് സീഡ്സ് വിപണന കേന്ദ്രം ഷെയർ | 500/- |
| ആകെ | 3000/- |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ ഓഡിറ്റ് കാലയളവിൽ തുക വരവ് വന്നിട്ടില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | പൊതുപരാമർശം | 2004-05 | 3 | നികുതിപിരിവിൽ അലംഭാവം- കടിശ്ശിക പെരുകുന്നു | ലഭ്യമല്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56221212<br>(മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51540134 |
| വരവിനങ്ങളിലുള്ള നഷ്ടം | 11808 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 509991 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6457180 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-7 | 11808 | | സിമുരളീധരൻ.സെക്രട്ടറി |
| 3-5 | | 50000/- | ശ്രീമതി.പുഷ്പമാത്യു.ഹെഡ്മിസ്ട്രസ് |
| 3-9 | | 27704/- | ശ്രീമതി.പുഷ്പമാത്യു.ഹെഡ്മിസ്ട്രസ് |
| 3-11 | | 37582/- | ശ്രീ.സുനിൽകുമാർഅസി.സെക്രട്ടറി |
| 3-12 | | 50000/- | ശ്രീ.സുനിൽകുമാർഅസി.സെക്രട്ടറി |
| 3-14 | | 198840/- | ശ്രീമതി.പുഷ്പമാത്യു.ഹെഡ്മിസ്ട്രസ് |
| 3-17 | | 122376/- | ശ്രീമതി.ആർ.ബിന്ദു.കൃഷിഓഫീസർ |
| 3-20 | | 23489/- | ശ്രീമതി.ജീന.കെ.അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 50850 | ശ്രീമതി. പുഷ്പമാത്യു,ഹെഡ്മിസ്ട്രസ് |
| 3-2 | 9759- | ശ്രീ.മുരളീധരൻ,സെക്രട്ടറി |
| 3-3 | 1274018/- | ശ്രീ മുരളീധരൻ,സെക്രട്ടറി |
| 3-4 | 12000/- | ശ്രീമുരളീധരൻ,സെക്രട്ടറി |
| 3-6 | 600,000/- | ശ്രീമതി.നൈന,വി ഇ ഒ |
| 3-7 | 78000/- | ശ്രീമത.നസീമ.കെടി.വെറ്റനറിസർജൻ |
| 3-8 | 365000/- | ശ്രീ.രജീഷ്.പിവി ഇ ഒ |
| 3-10 | 112500/-<br>37500 | ശ്രീ.സുനിൽകുമാർ.അസി.സെക്രട്ടറി |
| 3-13 | 400,000/- | ശ്രീസുനിൽകുമാർഅസി.സെക്രട്ടറി |
| 3-15 | 26459 | ശ്രീമുരളീധരൻ.സെക്രട്ടറി |
| 3-16 | 80000 | ശ്രീ മുരളീധരൻ.സെക്രട്ടറി |
| 3-18 | 754260/- | ശ്രീമതി.ആർ.ബിന്ദു.കൃഷിഓഫീസർ |
| | 260640 | ശ്രീമതി.ആർ.ബിന്ദു.കൃഷിഓഫീസർ |
| | 15360 | ശ്രീമതി.ആർ.ബിന്ദു.കൃഷിഓഫീസർ |
| | 350000 | ശ്രീമതി.ആർ.ബിന്ദു.കൃഷിഓഫീസർ |

| | | |
|---|---|---|
| | 500000 | ശ്രീസുനിൽകുമാർഅസി.സെക്രട്ടറി |
| | 500000 | മുരളീധരൻ.സെക്രട്ടറി |
| | 65832 | മുരളീധരൻസെക്രട്ടറി |
| | 50000 | ശ്രീമതി.നസീമ.കെ.ടി.വെറ്റനറിസർജൻ |
| | 175000 | ശ്രീമതി.നസീമ.കെ.ടി.വെറ്റനറിസർജൻ |
| | 120000 | ശ്രീസുനിൽകുമാർഅസി.സെക്രട്ടറി |
| | 120000 | ശ്രീ.സുനിൽകുമാർ,അസി.സെക്രട്ടറി |
| 3-22 | 50000 | ശ്രീമതി.ജീന.കെഅസി.എഞ്ചിനീയർ |
| 3-24 | 100000 | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-25 | 500000 | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| ആകെ | 6657178 | |

റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ജീന.കെ അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കക്കോടി | ജയനിവാസ്<br>പെരുന്താട്ടിൽ,തലശ്ശേരി |
| സി.മുരളീധരൻ<br>സെക്രട്ടറി | സീനിയർസൂപ്രണ്ട് (ഡി.ഡി.പി ഇൻചാർജ്) | ചൂലങ്ങാട്ട്പറമ്പ്, പറമ്പിൽബസാർ,കോഴിക്കോട് |
| ശ്രീമതി.പുഷ്പമാത്യു, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്. | മുരിയൻകരി, സി.എച്ച്.കോളനി |
| ശ്രീ.സുനിൽകുമാർ, അസി.സെക്രട്ടറി | അസി.സെക്രട്ടറി, കക്കോടി ഗ്രാമപഞ്ചായത്ത് | കൊയിത്താനത്ത് ഹൗസ്, മായനാട്, കോഴിക്കോട് |

| | | |
|---|---|---|
| ശ്രീമതി.ആർ.ബിന്ദു.<br>കൃഷിഓഫീസർ | കൃഷിഓഫീസർ,<br>കക്കോടി ഗ്രാമപഞ്ചായത്ത് | പുളിയേരി, കൃഷ്ണൻ നായർ റോഡ്,<br>കരുവിശ്ശേരി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1984-85 | എൽ.എഫ്.കെ.കെ.ഡി.പി.2/1481 /2009(2)തി.29.04.10 | 1 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി.2/1778/13(6) തി.19.09.14 | 3 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി.2/1778/13(7) തി.19.09.14 | 12 |
| 1999-00 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി.പി.2/1778/13(8) തി.19.09.14 | 6 |
| 1999-00 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി.പി.2/1778/13(9) തി.19.09.14 | 4 |
| 2000-01 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി.പി.2/1206 /2014(1)തി.15.06.15 | 1 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി.2/1206 /2014(2)തി.15.06.15 | 3 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി.പി.2/1206 /2014(3)തി.15.06.15 | 1 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി.2/1206 /2014(4)തി.15.06.15 | 12 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി.2/1206 /2014(5)തി.15.06.15 | 4 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി.2/1206 /2014(6)തി.15.06.15 | 14 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.2/1920 /2014തി.03.06.15 | 10 |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി.2/698 /2015തി.09.06.15 | 21 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി.2/348 /12.തി.14.11.12 | 37 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി.2/1592 /12.തി.10.02.13 | 29 |
| 2009-10<br>2010-11 | കെ.എസ്.എ.കെ.കെ.ഡി/പി14/1779/ 2015 തി.05.12.15 | 13 |
| 2011-12<br>2012-13 | എൽ.എഫ്.കെ.കെ.ഡി.പി.12/387 /14.തി.06.05.15 | 31 |
| 2013-14<br>2014-15 | കെ എസ് എ/കെ കെ ഡി/പി12 /424/2016 തീ-01.04.2016 | 21 |
| 2015-16 | കെ എസ് എ/ കെ കെ ഡി പി/ 9/2303തീ-4-1-17 | 21 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

**അനുബന്ധം- 1**

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.കെ.ഡി/പി.9/1834 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി. 24.10.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പും 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും കേരള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡ് അവലംബിച്ചും കോഴിക്കോട് കക്കോടി ഗ്രാമ പഞ്ചായത്തിന്റെ 2016–17വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ള കാര്യങ്ങളിലൊഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് കോഴിക്കോട് കക്കോടി ഗ്രാമപഞ്ചായത്തിന്റെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- ാം വകുപ്പും 12.06.2003 ലെ ജി.ഒ.(പി)/319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P9 /1834 /2017

Kerala State Audit Department

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date:24.10.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of kakkodi Grama Panchayat in Kozhikode District for the year ended on 31.03.2017 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of kakkodi Grama Panchayat for the year 2016-17except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR

District Audit Office, Kozhikode.